# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1052      01/03/2017-ൽ മറുപടിയ്ക്ക്

### ദേശീയ, സംസ്ഥാന പാതയോരങ്ങളിലെ മദ്യവില്പന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അനൂപ് ജേക്കബ് | | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും<br>വകുപ്പ് മന്ത്രി) |
| (എ) ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്റർ ദൂരപരിധിയിൽ മദ്യവില്പന പാടില്ലെന്ന സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള എത്ര ബിയർ/വൈൻ പാർലറുകൾ അടച്ചുപൂട്ടേണ്ടി വരുമെന്ന് അറിയിക്കുമോ;<br>(ബി) ബിയറും വൈനും മദ്യമല്ല എന്നഭിപ്രായം സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ബിയർ, വൈൻ പാർലറുകൾ നിലനിർത്തുവാൻ ഉദ്ദേശമുണ്ടോ ; | (എ)യും (ബി)യും | സംസ്ഥാന ദേശീയ പാതയോരങ്ങളിലെ മദ്യവില്പന നിരോധിച്ചു കൊണ്ടുള്ള ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ പരിധിയിൽ ബിയർ വൈൻ പാലർലറുകളും ഉൾപ്പെടുമോ എന്നത് സംബന്ധിച്ച് സർക്കാർ, അഡ്വക്കേറ്റ് ജനറലിന്റെ/അറ്റോർണി ജനറലിന്റെ നിയമോപദേശം തേടിയിരിക്കുകയാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ സർക്കാരിന് ഈ വിഷയങ്ങളിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.ബിയറും വൈനും മദ്യത്തിന്റെ നിർവ്വചനത്തിൽ പെടുന്നവയാണ് |
| (സി) ഇക്കാര്യം സംബന്ധിച്ച നിയമവകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ടോ എങ്കിൽ നിയമവകുപ്പ് നൽകിയ ഉപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | തേടിയിട്ടുണ്ട്, പകർപ്പ് മേൽ നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. |

Sreedevi

സെക്ഷൻ ഓഫീസർ